# KERALA POLICE INFORMATION CENTRE

No.27/PR/PIC/PHQ/11 Date : 18.10.2011

## പത്രക്കുറിപ്പ്

## 60-ാമത് അഖിലേന്ത്യ പോലീസ് അക്വാറ്റിക്സ് & ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് – 2011

60-ാമത് അഖിലേന്ത്യ പോലീസ് അക്വാറ്റിക്, ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് 2011, കേരളാ പോലീസിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 19 മുതൽ 23 വരെ തിരുവനന്തപുരത്ത് കാര്യവട്ടത്തെ LNCPE Swimming Pool ൽ നടക്കും. നീന്തൽ, വാട്ടർപോളോ, ഡൈവിംഗ്, ക്രോസ് കൺട്രി എന്നീ ഇനങ്ങളിൽ വിവിധ സംസ്ഥാന പോലീസ് ടീമുകളും, CRPF, BSF, ITBP, SSB, CISF എന്നീ കേന്ദ്രസേനകളിൽ നിന്നുള്ള 450 ഓളം പുരുഷ താരങ്ങളും ഈ അഖിലേന്ത്യ മത്സരത്തിൽ പങ്കെടുക്കും. 20 നീന്തൽ ഇനങ്ങളും, Spring Board, High Board, Diving മത്സരങ്ങളും വാട്ടർ പോളോ മത്സരവുമാണ് കാര്യവട്ടം LNCPE Swimming Pool ൽ നടക്കുക. ഇത് 4-ാം തവണയാണ് ഈ മത്സരത്തിന് കേരളാ പോലീസ് ആതിഥേയത്വം അരുളുന്നത്. 2008-ൽ ആണ് തിരുവനന്തപുരത്ത് അവസാനമായി ഈ മത്സരങ്ങൾ സംഘടിപ്പിച്ചത്.

ഒട്ടനവധി ദേശീയ നീന്തൽ വാട്ടർ പോളോ ഡൈവിംഗ് താരങ്ങൾ വിവിധ ടീമുകളെ പ്രതിനിധീകരിച്ച് ഈ മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. ദേശീയ ഡൈവിംഗ് താരങ്ങളായ ബോബൻ കുമാർ (CRPF), ഹിമാസു, ഗോപി (BSF) എന്നിവരും അന്തർദേശീയ നീന്തൽ താരങ്ങളായ അർജ്ജുൻ മുരളീദരൻ, മന്ദർ ആനന്ദ് ദിവാസി (BSF) പുന്നീർത്ത് റാണാ, പവൻകുമാർ, ദീപക് കുമാർ സിംഗ് (CRPF) എന്നിവരും ഈ ദേശീയ മത്സരത്തിൽ പങ്കെടുക്കുവാനായി എത്തുന്നു.

19-ാം തീയതി രാവിലെ 8 മണിക്ക് നീന്തലിന്റെ പ്രാഥമിക മത്സരങ്ങൾ നടക്കും. തുടർന്ന് വാട്ടർപോളോയുടെ പ്രാഥമിക മത്സരങ്ങൾ ഉണ്ടായിരിക്കും. മത്സരങ്ങളുടെ ഔപചാരികമായ ഉത്ഘാടനം 4 മണിക്ക് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിക്കും. തുടർന്ന് നീന്തലിന്റെ ഫൈനൽ മത്സരങ്ങൾ ഉണ്ടായിരിക്കും. 20, 21, 22 തീയതികളിൽ ഉച്ച കഴിഞ്ഞ് 2 മണിക്ക് ഡൈവിംഗ് മത്സരങ്ങൾ ആരംഭിക്കും. തുടർന്ന് നീന്തലിന്റെ ഫൈനൽ മത്സരങ്ങളും നടക്കും. എല്ലാ ദിവസവും രാവിലെ 8 മണിക്ക് നീന്തലിന്റെ Heats മത്സരങ്ങളും തുടർന്ന് വാട്ടർപോളോ മത്സരങ്ങളുമാണ് ക്രമീകരിച്ചിരിക്കുന്നത്. 23-ാം തീയതി 4.30 ന് നടക്കുന്ന സമാപന ചടങ്ങിൽ BSF, Director General Sri. Raman Srivastava, IPS മുഖ്യാതിഥിയായി പങ്കെടുത്ത് വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്യും.

നീന്തൽ മത്സരങ്ങൾക്ക് Electronic Touch Pad സംവിധാനം Swimming Pool ൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ഡൈവിംഗ് മത്സരങ്ങൾക്ക് ആധുനിക Duroflex Diving Board ഉം സജ്ജീകരിച്ചിട്ടുണ്ട്. മത്സരത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കായി Dopping test -നുള്ള സംവിധാനം Sports Authority of India യുമായി ചേർന്ന് നടത്തുവാനും സംഘടന സമിതി തീരുമാനിച്ചിട്ടുണ്ട്.

Cross Country മത്സരങ്ങൾ 22-ാം തീയതി രാവിലെ 6 മണിക്ക് പോത്തൻകോട് നിന്നും ആരംഭിച്ച് LNCPE - യിൽ സമാപിക്കുന്നതാണ്.

The contents of this document may be deemed to be based on received information which is subject to further verification